**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2888** **07-10-2025 - ൽ മറുപടിയ്ക്ക്**

**ആദിവാസി കുട്ടികളുടെ വിദ്യാഭ്യാസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ജെ. മാക്സി** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | ഗോത്രവർഗ്ഗ വിഭാഗങ്ങളുടെ ഭാഷാപരമായ വ്യതിയാനങ്ങൾ മൂലം മലയാള ഭാഷ പഠിക്കുന്നതിനുള്ള ആദിവാസി കുട്ടികളുടെ വിമുഖത അവർ പഠന മേഖലയിൽ നിന്ന് കൊഴിഞ്ഞു പോകുന്നതിന് കാരണമാകുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ) | **വിദ്യാർത്ഥികളുടെ ഭാഷാപ്രശ്നങ്ങൾ മൂലമുള്ള കൊഴിഞ്ഞ് പോക്ക് തടയുക, ഭാഷാപ്രശ്നം പരിഹരിക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി സർക്കാർ/എയ്ഡഡ് പ്രൈമറി സ്കൂളുകളിൽ പട്ടികവർഗ്ഗ വികസന വകുപ്പ് മെന്റർ ടീച്ചർമാരെ നിയമിക്കുന്ന ഗോത്രബന്ധു പദ്ധതി വിജയകരമായി നടപ്പിലാക്കി വരുന്നു. ആയതിനാൽ ഗോത്രവർഗ്ഗ വിഭാഗങ്ങളുടെ ഭാഷാപരമായ വ്യതിയാനങ്ങൾ മൂലം മലയാളഭാഷ പഠിക്കുന്നതിനുള്ള പട്ടികവർഗ്ഗ കുട്ടികളുടെ വിമുഖത മൂലം പഠന മേഖലയിൽ നിന്ന് അവർ കൊഴിഞ്ഞ് പോകുന്ന സാഹചര്യം ഉണ്ടാകുന്നില്ല.** |
| (ബി) | പഠനം ഗോത്രഭാഷാ സൗഹൃദമാക്കി പട്ടിക വർഗ്ഗ വിദ്യാർത്ഥികളെ സ്കൂളുകളിലേക്ക് ആകർഷിക്കുന്നതിനും വിദ്യാഭ്യാസം നേടിയാൽ ജീവിത നിലവാരം മെച്ചപ്പെടും എന്ന വസ്തുത അവരെ ബോധ്യപ്പെടുത്തുന്നതിനും എന്തെല്ലാം കർമ്മ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ? | (ബി) | **വിദ്യാർത്ഥികളുടെ ഭാഷാപ്രശ്നങ്ങൾ മൂലമുള്ള കൊഴിഞ്ഞ് പോക്ക് തടയുക, ഭാഷാപ്രശ്നം പരിഹരിക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി സർക്കാർ/എയ്ഡഡ് പ്രൈമറി സ്കൂളുകളിൽ പട്ടികവർഗ്ഗ വികസന വകുപ്പ് മെന്റർ ടീച്ചർമാരെ നിയമിക്കുന്ന ഗോത്രബന്ധു പദ്ധതി നടപ്പിലാക്കുന്നുണ്ട്. വിദ്യാർത്ഥികളുടെ ഭാഷാപ്രശ്നങ്ങൾ മൂലം കൊഴിഞ്ഞുപോയ വിദ്യാർത്ഥികളെ കണ്ടെത്തി അവരെ തിരികെ സ്കൂളുകളിൽ എത്തിക്കുന്നതിന് ജില്ലാതലത്തിൽ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ, എസ്.റ്റി പ്രൊമോട്ടർമാർ, മെന്റർ ടീച്ചർമാർ, കമ്മിറ്റഡ് സോഷ്യൽ വർക്കർമാർ എന്നിവരുടെ സഹായത്തോടെ വിദ്യാഭ്യാസത്തിന്റെ പ്രാധാന്യത്തെ കുറിച്ച് ബോധവൽക്കരണം നടത്തുകയും ചെയ്യുവരുന്നു. വയനാട്, പാലക്കാട്, മലപ്പുറം എന്നീ ജില്ലകളിൽ 326 മെന്റർ ടീച്ചർമാരെ നിയമിച്ചിട്ടുണ്ട്. ടി മെന്റർ ടീച്ചർമാർ കുട്ടികളുടെ തനത് ഗോത്രഭാഷയിൽ പാഠ്യഭാഗങ്ങൾ വിവരിച്ച് നൽകുന്നു.** |

| | | | |
|---|---|---|---|
| | | | പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ഉന്നമനത്തിനും ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിലേക്കുമായി പ്രീ-മെട്രിക് സ്കോളർഷിപ്പ് പദ്ധതി, പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് പദ്ധതി, പ്രീ-മെട്രിക്/പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ, മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ, അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആന്റ് ഡവലപ്മെന്റ് പദ്ധതി, സാമൂഹ്യപഠനമുറി, ഗോത്രബന്ധു പദ്ധതി, വിദ്യാവാഹിനി, സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം, വിദേശപഠനത്തിനുള്ള ധനസഹായം, അന്യസംസ്ഥാന പഠനം, ലാപ് ടോപ്പ് വിതരണം, നൈപുണ്യ പരിശീലനം, സിവിൽ സർവ്വീസ് പരിശീലനം, കൊമേഷ്യൽ പൈലറ്റ് ലൈസൻസ് കോഴ്സ് (വിങ്സ്), മെഡിക്കൽ എഞ്ചിനീയറിംഗിന് വിദ്യാർത്ഥികൾക്കുള്ള ധനസഹായം, മെഡിക്കൽ, എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷാ പരിശീലനം തുടങ്ങിയ പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ